# ARALAM FARMING CORPORATION (KERALA) LIMITED

(A Government of Kerala Undertaking)
PO-Aralam Farm, Via-Peravoor, Dist-Kannur-670 673
Tel: +91490 2444740/2446930, 8281310962. Fax: +91490 2447760.
e-mail: aralamfarm2010@gmail.com

No.AFC/2-5/MKG(A)
Dated.03.03.2017.

## SALE OF RUBBER LATEX

A ready stock of **250** barrels of Ammoniated Rubber latex (200 kg. approx. each) produced by the Farm will be sold on auction cum tender basis in 5 lots, at 11.30 a.m on 09.03.2017 at the Farm Office as detailed below:

| Lot No. | No. of Barrels | EMD | Security Deposit |
|---|---|---|---|
| **1** | **50** | **50,000/-** | **50,000/-** |
| **2** | **50** | **50,000/-** | **50,000/-** |
| **3** | **50** | **50,000/-** | **50,000/-** |
| **4** | **50** | **50,000/-** | **50,000/-** |
| **5** | **50** | **50,000/-** | **50,000/-** |

## TERMS AND CONDITIONS

1. Tender should be accompanied with EMD in the form of Demand Draft drawn in favour of "ARALAM FARMING CORPORATION(KERALA)LTD" payable any nationalized Bank at Iritty (Kannur Dt.). Tenderer should have valid Rubber Licence of dealing rubber items.
2. The tender/quotation should be filled in prescribed Tender Form.The cost of Tender form is Rs.1000/- plus VAT.Last date for sale of Tender form is 09.03.2017 at 11 AM only. Tender received without EMD or prescribed form will be rejected.
3. The successful bidder shall have to deposit Security Deposit on the same day and the same will be refunded only after successful completion of the contract.
4. Sealed cover superscribed "Tender for Ammoniated latex" containing (a) copy of the terms and conditions duly signed by the bidder with full address and mobile number along with EMD should reach to the Managing Director, Aralam Farming Corporation(Kerala)Ltd., Aralam Farm-PO, Peravoor-via, Kannur-Dt 670673 on or before 11 .15a.m on 09.03.2017 The tenders so received will be opened in the presence of the tenderer who may be present.
5. The price to be quoted should be based on the rate of RSS-IV Rubber sheet at Kottayam market quoted as "**Rubber Kottayam"**as published in the Malayala Manorama Daily on the date of tender. If the rate does not appear in the news paper on the date of tender, the rate of RSS.IV & rubber sheet published in official website of Rubber Board will be acceptable. If the highest tender rate is not accepatable, further negotiation/re-tender may be held then and there with all the tenderers present at the time of opening of tender.
6. The EMD will be refunded to all those whose offers have not been accepted.
7. The EMD of tenderers whose offer has been accepted will be retained as part of the security deposit for the due performance of the contract and shall only be refunded without interest after satisfactory completion of the contract.
8. The Managing Director of the Farm has absolute discretion and power to accept or reject any offer without assigning any reason.

9. The latex will be delived at Balock-6 of this Farm. The purchaser will have to make his own arrangements for weighing, loading and transportation of the latex barrels at his cost and expenses.

**10. PAYMENT SCHEDULE AND DELIVERY SCHEDULE**.

(a) The successful tenderer will have to deposit 20% of the value of latex and at the rate quoted by him immediately after the announcement of the acceptance of his rate, at 37% DRC per kg.

(b) The successful tenderer should deposit 20% of the value of latex at the rate quoted by him, at 37% DRC per kg. on or before 13.03.2017.

(c). He should remit 60% of value of latex at the rate quoted by him at 37% DRC per kg. on or before 17.03.2017.

(d). Tenderer may start taking delivery of latex after depositing 40% as specified under clause 10(a) and (b) above and by remitting the value of latex for each load at 37% DRC per kg. and complete the delivery of full stock even if decreased on increased stock on or before 22.03.2017



(e). Besides the cost of latex, the tenderer will have to deposit the cost of barrels @ Rs.1000/- (Rs.One thousand only) each, which interalia means that the tenderer will be allowed to take delivery only after depositing the cost of barrels.

(f). If the tenderer is taking delivery beyond 22.03.2017, he should deposit the full value of each lot of latex at the rate quoted by him at 37% DRC per kg. on or before 17.03.2017. In this case, the tenderer will be allowed to take delivery up to 25.03.2017 with ground rent of Rs.2/- (Rs.Two only) per barrel per day from 23.03.2017.

(g). The barrels should be returned back to the Farm without causing any damage within 5 days from the date of taking delivery and the contractor can take delivery of the next load to the extent of the deposit made for the cost of barrels and he can take additional load after depositing the cost per barrel of Rs.1000/- . The party has to return the same barrel and if there is any change, the Farm will realize compensation from the party.

(h). The tenderer will have to return all the barrels to the Farm on or before28.03.2017 the barrels will not be accepted after 28.03.2017 and value of unreturned barrels will be realized at Rs.1000/- for each barrels from the party.

(i). All the payments will have to make inCash/ Demand Draft/RTGS/NEFT only. The remittance will be accepted in the Farm office below Rs.50,000/- only. No cheque shall be accepted.

12. The purchase tax or sales tax applicable to all sales under this contract shall be borne and paid by the tenderer. The tenderer shall indemnify and keep the Farm indemnified against any claim for purchase tax on account or sale hereunder.

13. All the bidders may inspect and satisfy about the quality of the latex before giving offer and complaints if any regarding the quality raised afterwards will not be entertained.

14. The representative of the purchaser deputed in writing and accompanying the vehicle to lift the latex will give the Managing Director, Aralam Farming corporation(Kerala)Ltd. A receipt of the total quantity of latex be received. Such a letter of acceptance will be binding on the purchaser.

15. The DRC of the ammoniated rubber latex will be determined by both the parties (i.e. the Farm and the purchaser) by drawing representative sample for each load and in case there is any difference in value, analysis made by Rubber Research Instistute of India, Kottayam would be considered as valid and final.
16. Final billing will be done as per DRC particulars received on analysis of sample. Any excess or shortage paid by way of advance will be adjusted in the accounts soon after the expiry of the contract.
17. The Farm will deliver ammoniated rubber latex in 1.2% ammoniation from the Block of this Farm.
18. Loading and transportation has to be arranged by the purchaser.
19. If the buyer wants to transport the latex outside Kerala, he should make his own arrangements for obtaining necessary permission from the Authorities concerned.
20. Bill will be raised as per the DRC particulars received from the Block of the Farm or from the RRII, Kottayam. Any excess or shortage paid by way of advance will be adjusted from the subsequent remittance.
21. In case of any dispute arising between the Farm and the purchaser with regard the deal, the same shall be left to the sole arbitration of the Chairman, Aralam Farming Corporation (Kerala)Ltd. and his decision shall be final and binding on both the parties.
22. No complaint will be entertained after the delivery of ammoniated latex.
23. Suits or other dispute if any rest after the arbitration process as per clause 21 above that may arise in connection with matters relating to this contract shall be entertainable only by the Courts in Kannur District which alone shall have jurisdication.

Manager(Marketing)

For Managing Director.

Copy to: Manager (Finance),F.S,S.O,BIC-6

# ആറളം ഫാമിങ്ങ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ്

(ഒരു കേരള സർക്കാർ സ്ഥാപനം)

പി.ഒ.ആറളം ഫാം, പേരാവൂർ വഴി, കണ്ണൂർ ജില്ല–670 673.

ഫോൺ:+91490 2446930 / 2444740, 8281310962

e-mail: aralamfarm2010@gmail.com


എ.എഫ്/2-1/എംകെജി(എ) തിയ്യതി. 03/03/2017.

## കുരുമുളക് വിൽപ്പന പരസ്യം

ഫാമിൽ ഉണക്കി സൂക്ഷിച്ചിരിക്കുന്ന 120 ക്വിൻറൽ കുരുമുളക് "എവിടെ എങ്ങിനെ" എന്ന വ്യവസ്ഥയിൽ **09.03.2017** ന് (വ്യാഴം) പകൽ 12.30 ഈ ഓഫീസിൽ വെച്ച് ലേലം/ദർഘാസ് മുഖേന വിൽക്കുന്നതാണ്.

| ലോട്ട് നമ്പർ | ഇനം | ഏകദേശം തൂക്കം | നിരതദ്രവ്യം | സെക്യൂരിറ്റി ഡെപ്പോസിറ്റ് |
|---|---|---|---|---|
| 1. | കുരുമുളക് (പന്നിയ്യൂർ-1) | 70 ക്വിൻറൽ | 1,30,000 രൂപ | 4,00000 രൂപ |
| 2. | കുരുമുളക് (കരിമുണ്ട) | 50 കിൻറൽ | 70,000 രൂപ | 3,00000 രൂപ |

---

നിരതദ്രവ്യം മേൽപറയുംവിധം "ആറളം ഫാമിങ്ങ് കോർപ്പറേഷൻ(കേരള) ലിമിറ്റഡിൻെറ പേരിൽ എടുത്ത മൂല്യശോഷണമില്ലാതെ ഇരിട്ടി (കണ്ണൂർ ജില്ല) യിൽ മാറാവുന്ന ഡി.ഡി. ആയി ഹാജരാക്കേണ്ടതാണ്. ദർഘാസുകൾ എഴുതി ഒപ്പിട്ട് മുദ്രവെച്ച കവറിനുമുകളിൽ **<u>09.03.2017 ന് നിശ്ചയിച്ചിരിക്കുന്ന ദർഘാസ്</u>** എന്നെഴുതി മാനേജിങ്ങ് ഡയറക്ടർ, ആറളം ഫാമിങ്ങ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ്, ആറളം ഫാം –പി. ഒ, കണ്ണൂർ ജില്ല 670 673 എന്ന വിലാസത്തിൽ **09.03.2017** ന് രാവിലെ 12.30 മണിക്ക് മുൻപായി നേരിട്ടോ തപാൽ മുഖേനയോ ഫാം ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. ദർഘാസിൽ ദർഘാസുകാരൻെറ മേൽവിലാസവും ഫോൺ നമ്പറുകളും രേഖപ്പെടുത്തേണ്ടതാണ്. **09.03.2017** ന് രാവിലെ 12.30 മണിക്ക് ഹാജരാകുന്ന ദർഘാസുകാരുടെ സാന്നിധ്യത്തിൽ ആദ്യം ലേലം നടത്തുന്നതും പിന്നീട് ദർഘാസുകൾ തുറക്കുന്നതുമാണ്. രണ്ടിലും കൂടിയ നിരക്ക് ഫാമിന് സ്വീകാര്യമാണെങ്കിൽ മാത്രം അംഗീകരിക്കുന്നതായിരിക്കും. ഉൽപന്നത്തിന് തൃപ്തികരമായ വില ലഭിക്കാതെ വരികയാണെങ്കിൽ ആയതിലേക്ക് ലേലം/ദർഘാസിൽ പങ്കെടുക്കുന്നവരുമായി മറ്റൊരു വിലപേശലിലൂടെ തൃപ്തികരമായ വിലയിൽ എത്തിച്ചേരുന്നതിന് ശ്രമിക്കാവുന്നതാണ്.

വിജയിയാകുന്ന ദർഘാസുകാരൻ അതാതു ലോട്ടിനു നേരെ കാണിച്ചിരിക്കുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് അന്നുതന്നെ അടക്കേണ്ടതാണ്. ആയത് അവസാനം കൊണ്ടുപോകുന്ന ലോഡിൻെറ വിലയിൽ കുറവുചെയ്യുന്നതാണ്. എന്നാൽ ബാക്കി അടക്കാനുള്ള തുകയുടെ 30% തുക 15.03.2017 നും 70% തുക 18.03.2017 നും മുൻപായി

ഫാമിൽ അടച്ചിരിക്കേണ്ടതാണ്. സെക്യൂരിറ്റി ഡെപ്പോസിറ്റ് അടച്ചതിനുശേഷം ഓരോ ലോഡിൻെറ വിലയടച്ചും ഉൽപ്പന്നം ഫാമിൽനിന്നും കൊണ്ടുപോകാവുന്നതാണ്.

ദർഘാസിൽ ഒരു കിലോഗ്രാമിന് കൊടുക്കാവുന്ന പരമാവധി വില കാണിച്ചിരിക്കേണ്ടതാണ്. ദർഘാസിലെ വില ഫാമിൽനിന്നും ഉൽപ്പന്നം സ്വന്തം ചെലവിൽ തൂക്കമെടുത്ത് കൊണ്ടുപോകുന്നതിനുള്ള വിലയായിരിക്കും. ദർഘാസുകൾ യാതൊരു കാരണവും കാണിക്കാതെ സ്വീകരിക്കുവാനോ നിരാകരിക്കുവാനോ ഉള്ള അധികാരം ഫാം മാനേജിങ്ങ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. ഉൽപ്പന്നം കൊണ്ടുപോകുന്നതിനുള്ള ചാക്ക്, നൂല് മുതലായവ ദർഘാസുകാരൻ തന്നെ കൊണ്ടുവരേണ്ടതും, ഉൽപ്പന്നം സ്വന്തം ചെലവിൽ ചാക്കിൽ നിറച്ച് തുക്കം ബോധ്യപ്പെടുത്തി ലോഡ്ചെയ്ത് കൊണ്ടുപോകേണ്ടതുമാണ്.

നിരതദ്രവ്യം കൂടാതെയുള്ള ദർഘാസുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. വിജയിയായ ദർഘാസുകാരുടെ ഒഴികെയുള്ള എല്ലാവരുടേയും നിരതദ്രവ്യം അന്നുതന്നെ തിരികെ നൽകുന്നതും വിജയിയായ ദർഘാസുകാരുടെ നിരതദ്രവ്യം ഉൽപ്പന്നം തൃപ്തികരമായി ഫാമിൽ നിന്നും നീക്കം ചെയ്തതിനുശേഷം മാത്രം തിരിച്ചുനൽകുന്നതുമാണ്. എന്നാൽ ആയതിലേക്ക് യാതൊരു പലിശയും നൽകുന്നതല്ല.



<u>വിജയിയായ ദർഘാസുകാരന് ഉൽപ്പന്നത്തിൻെറ മുഴുവൻ വിലയടച്ച് ഫാമിൽനിന്നും നീക്കം ചെയ്യുന്നതിന് **22.03.2017** വരെ സമയം അനുവദിക്കുന്നതാണ്</u>. ദർഘാസ്/ലേലം കൊണ്ട ഉൽപ്പന്നം മേൽപ്പറഞ്ഞിട്ടുള്ള കാലവധിക്കുള്ളിൽ നീക്കം ചെയ്യാൻ സാധിക്കാതെവരികയാണെങ്കിൽ ആയത് നീക്കം ചെയ്യുന്നതിന് 25.03.2017 വരെ സമയം അനുവദിക്കുന്നതാണ്. എന്നാൽ 22.03.2017 മുതൽ 25.03.2017 വരെ ക്വിൻറലിന് പ്രതിദിനം 5 രൂപ നിരക്കിൽ തറവാടക ഈടാക്കുന്നതാണ്. വിജയി യായ ദർഘാസുകാരൻ നിശ്ചിത സമയത്തിനുള്ളിൽ ഉൽപ്പന്നങ്ങളുടെ തുക അടക്കാതെവരികയാ ണെങ്കിൽ 25% വാർഷിക പലിശയോടുകൂടി തുക അടക്കുന്നതിന് 21.03.2017 വരെ സമയം അനുവദിക്കുന്നതാണ്.

ദർഘാസ് ദിവസം ഏതെങ്കിലും കാരണവശാൽ ഹർത്താൽ/അവധി ആവുകയാണെങ്കിൽ അടുത്ത പ്രവൃത്തി ദിവസം അതേ സ്ഥലത്തും സമയത്തും ദർഘാസ് നടത്തുന്നതായിരിക്കും. എന്നാൽ ആയത് ദർഘാസിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ അന്വേഷിച്ച് ബോദ്ധ്യപ്പെടേണ്ടതാണ്.

<u>നിബന്ധനകൾ:</u>

1. ലേലം/ദർഘാസിൽ പങ്കെടുക്കുന്ന എല്ലാവരും നിർദിഷ്ട ടെൻഡർ ഫോറത്തിൽ ദർഘാസ് സമർ പ്പിക്കേണ്ടതാണ്.ടെൻഡർ ഫോറത്തിൻെറ വില 1000/ പ്ലസ് വാറ്റ് ആയിരിക്കും.ടെൻഡർ ഫോറത്തി ൻെറ വിൽപന 9.03.2017 ന് രാവിലെ 12 മണിവരെ മാത്രമായിരിക്കും. ടെൻഡർ ഫോറത്തിൻെറ വില യാതൊരു കാരണവശാലും മടക്കിനൽകുന്നതല്ല.

2. ദർഘാസിൽ പങ്കെടുക്കുന്ന എല്ലാവരും ദർഘാസ് നിബന്ധനകൾ വായിച്ച് മനസിലാക്കിയെന്നും ആയത് അംഗീകരിക്കുന്നതിൻെറ തെളിവിലേക്കായി ദർഘാസ് നോട്ടീസിൻെറ ഒരു കോപ്പിയിൽ പേരും മേൽവിലാസവുമെഴുതി ഒപ്പിട്ട് ദർഘാസിനു മുൻപായി അധികാരികളെ ഏൽപ്പിക്കേണ്ടതാണ്

3. ദർഘാസിൽ പങ്കെടുക്കുന്ന എല്ലാവരും ദർഘാസിനു മുൻപു തന്നെ ഉൽപ്പന്നം കണ്ട് ബോധ്യപ്പെടേണ്ടതാണ്. ഇതു സംബന്ധിച്ച് ദർഘാസിനുശേഷമുള്ള യാതൊരു പരാതികളും പരിഗണിക്കുന്നതല്ല. നിരതദ്രവ്യം ഡി.ഡി. ആയി മാത്രമേ സ്വീകരിക്കുകയുള്ളൂ യാതൊരു കാരണവശാലും പണമായി സ്വീകരിക്കുന്നതല്ല. ഫാമിൽ അടക്കേണ്ടുന്ന 50,000/- രൂപ മുതൽ മുകളിലുള്ള തുക ബാങ്ക് അക്കൗണ്ട് മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ. യാതൊരു കാരണവശാലും പണമായി ഫാമിൽ സ്വീകരിക്കുന്നതല്ല.

4. ദർഘാസ് കാരണം കാണിക്കാതെ സ്വീകരിക്കുവാനോ നിരാകരിക്കുവാനോ ഉള്ള പൂർണ്ണ അധികാരം ഫാം മാനേജിങ്ങ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

5. ദർഘാസ് കൊണ്ട ഉൽപ്പന്നത്തിന് നിയമപരമായി ബാധകമായിട്ടുള്ള എല്ലാ തരം നികുതികളും വിജയിയായ ദർഘാസുകാരൻ നിശ്ചിത സമയത്തുതന്നെ ഈ ഓഫീസിൽ അടച്ചിരിക്കേണ്ടതാണ്.

6. ദർഘാസുകാരനിൽനിന്നോ ടിയാൻെറ ഏജൻറിൽ നിന്നോ തൊഴിലാളികളിൽനിന്നോ ഫാമിൻെറ സുഗമമായ പ്രവർത്തനത്തിന് യാതൊരു തടസവും ഉണ്ടാകുവാൻ പാടുള്ളതല്ല. മാത്രവുമല്ല, നിയമ വിധേയമല്ലാത്ത പ്രവർത്തികൾ ദർഘാസുകാരനോ ടിയാൻെറ തൊഴിലാളികളോ ഫാമിനുള്ളിൽ ചെയ്യുവാൻ പാടില്ല

7. വിജയിയാകുന്ന ദർഘാസുകാരൻ നിബന്ധനകളിൽ പറഞ്ഞിട്ടുള്ള പ്രകാരം തുക അടക്കാതിരിക്കുകയോ, ഉൽപ്പന്നം കാലാവധിക്കുള്ളിൽ കൊണ്ടുപോകാതിരിക്കുകയോ ദർഘാസ് കൊണ്ടശേഷം ആയത് വേണ്ടന്നു വയ്ക്കുകയോ ചെയ്യുകയാണെങ്കിൽ നിരതദ്രവ്യം അടക്കം അതുവരെ ഈ ഓഫീസിൽ അടച്ച മുഴുവൻ തുകയും യാതൊരു അറിയിപ്പും കൂടാതെ ഈ സ്ഥാപനത്തിലേക്ക് മുതൽക്കൂട്ടുന്നതും, കരാർ റദ്ദാക്കുന്നതും, ഉൽപ്പന്നം വീണ്ടും ദർഘാസ്/ലേലം മുഖാന്തിരം വിൽക്കുകയാണെങ്കിൽ ആയതിൻെറ ചെലവും നഷ്ടങ്ങളും പ്രസ്തുത ദർഘാസുകാരൻ നൽകുവാൻ ബാധ്യസ്ഥനായിരിക്കും. എന്നാൽ പുനർലേലത്തിൽ കൂടുതൽ തുക ലഭിക്കുകയാണെങ്കിൽ ആയതിലേക്ക് ദർഘാസുകാരന് യതൊരു അവകാശവും ഉണ്ടായിരികൂന്നതല്ല.

8. ഫാം പ്രവർത്തിദിവസങ്ങളിലും പ്രവർത്തിസമയങ്ങളിലും മാത്രമേ ഉൽപ്പന്നം കൊണ്ടുപോകാൻ അനുവദിക്കുകയുള്ളൂ.. ദർഘാസുകാരൻ ഫാം തൊഴിലാളികളെ യാതൊരുതരത്തിലുള്ള ജോലിക്കും നിയോഗിക്കുവാൻ പാടില്ല.

9. ദർഘാസുകാരൻ ദർഘാസ് കൊണ്ട ഉൽപ്പന്നം സെക്യൂരിറ്റി ഗാർഡിൻെറ പരിശോധനക്ക് വിധേയമായി മാത്രമേ പുറത്തുകൊണ്ടുപോകാൻ പാടുള്ളൂ.

10. ദർഘാസുകാരനിൽനിന്നോ, അയാളുടെ തൊഴിലാളികളിൽ നിന്നോ ഫാമിന് ഏതെങ്കിലും തരത്തിലുള്ള നാശനഷ്ടങ്ങൾ ഉണ്ടാവുകയാണെങ്കിൽ ആയതിലേക്ക് ഫാം അധികാരികൾ നിശ്ചയിക്കുന്ന തുക നഷ്ടപരിഹാരമായി ദർഘാസുകാരനിൽനിന്നും വസൂൽ ചെയ്യുന്നതായിരിക്കും.

11. ആറളം ഫാമിലെ തൊഴിലാളികൾക്കോ മറ്റ് ജീവനക്കാർക്കോ ഈ ദർഘാസിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

12. ഫാം മാനേജിങ്ങ് ഡയറക്ടർക്കും അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥന്മാർക്കും കരാറുകാരൻ, തൊഴിലാളികൾ, കരാറുകാരൻ ഉൽപ്പന്നം കൊണ്ടുപോകുന്ന വാഹനങ്ങൾ മുതലായവ പരിശോധിക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്

13. തീപിടുത്തം, വരൾച്ച, പ്രകൃതിക്ഷോഭം, തൊഴിലാളികളുടെ സമരം/പണിമുടക്ക് മുതലായവ മൂലം ദർഘാസുകാരന് എന്തെങ്കിലും തരത്തിലുള്ള നഷ്ടങ്ങൾ സംഭവിച്ചാൽ ആയതിന് ആറളം ഫാം ഉത്തരവാദിയായിരിക്കുന്നതോ നഷ്ടപരിഹാരങ്ങൾ നൽകുന്നതോ അല്ല.

14. ദർഘാസ് കൊണ്ട ഉൽപ്പന്നം കൊണ്ടുപോകുന്നതിലേക്ക് സർക്കാരിൽ നിന്നും എന്തെങ്കിലും തരത്തിലുള്ള പാസ്സ്/അനുവാദം ആവശ്യമുണ്ടെങ്കിൽ ആയത് ദർഘാസുകാരൻ തന്നെ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ബന്ധപ്പെട്ടവരിൽനിന്നും വാങ്ങേണ്ടതാണ്

15. ദർഘാസിൽ ഉൽപ്പന്നത്തിൻെറ ഏകദേശം അളവ് മാത്രമാണ് കാണിച്ചിട്ടുള്ളത്. ആയത് കൂടുവാനോ കുറയുവാനോ സാധ്യതയുണ്ട്.

16. മേൽ വ്യവസ്ഥകളെപ്പറ്റിയോ നടത്തിപ്പിനെപ്പറ്റിയോ എന്തെങ്കിലും തരത്തിലുള്ള തർക്കങ്ങൾ ദർഘാസുകാരനുമായി ഉണ്ടാവുകയാണെങ്കിൽ ആയത് ആറളം ഫാമിങ്ങ് കോർപ്പറേഷൻ ചെയർമാൻെറ മധ്യസ്ഥതക്ക് വിടുന്നതും അദ്ദേഹമോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ എടുക്കുന്ന തീരുമാനം ഇരു കക്ഷികളും സ്വീകരിക്കാൻ ബാധ്യസ്ഥരുമായിരിക്കും ഈ ഇടപാട് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള നിയമ വ്യവഹാരം വേണ്ടിവന്നാൽ അത് മട്ടന്നൂർ/തലശേരി കോടതികളിൽ മാത്രം നടത്തേണ്ടതണ്.

കൂടുതൽ വിവരങ്ങൾക്ക് ഫാം പ്രവർത്തിസമയങ്ങളിൽ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

ഒപ്പ്

മാനേജർ(മാർക്കറ്റിങ്ങ്)

മാനേജിങ്ങ്

ഡയറക്ടർക്കുവേണ്ടി

__വിതരണം__:

അടുത്തുള്ള എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും – ഈ പരസ്യം നോട്ടീസ് ബോർഡിൽ പതിക്കണമെന്ന് അപേക്ഷ.

മാനേജർ(ഫിനാൻസ്), ഫാം സൂപ്രണ്ട്, സെക്യൂരിറ്റി ഓഫീസർ, സ്റ്റോർ ഓഫീസർ, നോട്ടീസ് ബോർഡുകൾ, കരുതൽ ഫയൽ.